# അല്‍മായവേദി ന്യൂസ് ബുള്ളറ്റിന്‍

അഖില മലങ്കര ഓര്‍ത്തഡോക്സ് അല്‍മായവേദി പ്രസിദ്ധീകരണം

Web Edition Only

2007 മെയ് 31


## പ. കാതോലിക്കാബാവാ ദേവലോകത്ത് തിരിച്ചെത്തി

കോട്ടയം: പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയില്‍ ചികിത്സയില്‍ കഴിഞ്ഞിരുന്ന പ. കാതോലിക്കാ ബാവാ ദേവലോകത്ത് തിരിച്ചെത്തി. പ. പിതാവിനെ സഭാമക്കളെ കാണാന്‍ അനുവദിക്കാതെ പരുമലയില്‍ താമസിപ്പിച്ചിരിക്കുന്നതും അദ്ദേഹത്തിന്റെ ആരോഗ്യനിലയെക്കുറിച്ച് മെഡിക്കല്‍ ബുള്ളറ്റിനുകള്‍ പ്രസിദ്ധീകരിക്കാതിരിക്കുന്നതും പ. പിതാവിന്റെ പേഴ്സണല്‍ ഫിസിഷ്യനെപ്പോലും അദ്ദേഹത്തെ കാണാന്‍ അനുവദിക്കാതിരിക്കുന്നതും സംബന്ധിച്ച് ഓര്‍ത്തഡോക്സ് അല്‍മായവേദി ശ്രേഷ്ഠ നിയുക്ത കാതോലിക്കായെ സന്ദര്‍ശിച്ച് പരാതിപ്പെട്ടിരുന്നു.

## നിയമനടപടികള്‍ തുടരും; വിഭജനവാദം തള്ളിക്കളയുന്നു: വര്‍ക്കിംഗ് കമ്മറ്റി

കോട്ടയം: ഓര്‍ത്തഡോക്സ് സഭയുടെ താല്പര്യങ്ങള്‍ സംരക്ഷിക്കുവാനുള്ള നിയമനടപടികള്‍ തുടരുവാനും അവയെ സ്വാഭാവിക പരിണാമത്തിലെത്തിക്കുവാനും ഇന്ന് ചേര്‍ന്ന സഭാ വര്‍ക്കിംഗ് കമ്മറ്റി തീരുമാനിച്ചു. ആവശ്യമായ തുടര്‍നടപടികള്‍ സ്വീകരിക്കുവാന്‍ വൈദികട്രസ്റ്റി ഫാ. ഡോ. ജോണ്‍സ് ഏബ്രഹാം കോനാട്ട്, അല്‍മായട്രസ്റ്റി എം. ജി. ജോര്‍ജ് മുത്തൂറ്റ് എന്നിവരെ ചുമതലപ്പെടുത്തി. വിഭജനവാദം പരിഗണന പോലുമര്‍ഹിക്കാത്തതെന്നനിലയില്‍ വര്‍ക്കിംഗ് കമ്മറ്റി തള്ളിക്കളഞ്ഞു. വര്‍ക്കിംഗ് കമ്മറ്റിയുടെ അടുത്തയോഗം ജൂണ്‍ 12 ന് ചേരും.

ഇതിനിടെ കോട്ടയം ഭദ്രാസനത്തിലെ വാകത്താനത്തുള്ള പ്രമുഖ വ്യവസായിയും സഭയിലെ പ്രമാണികളിലൊരാളുമായ ഒരു വ്യക്തിയുടെ വീട്ടില്‍ സഭയിലെ രണ്ടു മെത്രാന്മാരുള്‍പ്പെടെ ചിലരും പുത്തന്‍കുരിശു സൊസൈറ്റിയുടെ ചില നേതാക്കളുമായി ചര്‍ച്ച നടത്തിയതായറിയുന്നു. പ്രസ്തുത വ്യവസായിയുടെ വീട് കേന്ദ്രീകരിച്ച് പല ഉപജാപങ്ങളും ഇതിനു മുന്‍പും നടത്തിയിട്ടുണ്ട്.

## ഫാ. ഡോ. ഒ. തോമസ് സണ്ടേസ്കൂള്‍ ഡയറക്ടര്‍ ജനറല്‍

കോട്ടയം: സണ്ടേസ്കൂള്‍ ഡയറക്ടര്‍ ജനറലായി ഫാ. ഡോ. ഒ. തോമസിനെ പ. കാതോലിക്കാബാവാ നിയമിച്ചു. ഈ സ്ഥാനം ലഭിച്ചതോടെ തിരഞ്ഞെടുപ്പ് തോല്‍വിയോടെയും വര്‍ക്കിംഗ് കമ്മിറ്റി പുനസംഘടനയോടെയും അസ്വസ്ഥനായിരുന്ന അദ്ദേഹം സന്തോഷവാനായെന്ന് അറിയുന്നു. മാനേജിംഗ് കമ്മിറ്റിയില്‍ നിന്നുള്ള രാജിയും അദ്ദേഹം പിന്‍വലിച്ചേക്കുമെന്ന് കരുതുന്നു. ഫാ. റ്റി. ജെ. ജോഷ്വായെ പുറത്താക്കാന്‍ കുപ്പായ കോക്കസില്‍ പെട്ട ചിലര്‍ വര്‍ഷങ്ങളായി നടത്തിയ ശ്രമങ്ങളാണ് ഇതോടെ ഫലപ്രാപ്തിയിലെത്തിയിരിക്കുന്നത്.

## സുന്നഹദോസിന് സെക്രട്ടറി കീഴ്വഴങ്ങുമെന്ന് പ്രതീക്ഷിക്കുന്നതായി പൗലോസ് പക്കോമിയോസ്

കോട്ടയം: പുതിയ സെക്രട്ടറി സ്വന്ത നിലയ്ക്ക് ചില തീരുമാനങ്ങളൊക്കെ എടുത്ത് മുമ്പോട്ടു പോകുന്നതില്‍ ചിലര്‍ക്കൊക്കെ പരാതിയുണ്ടെങ്കിലും പൗരോഹിത്യ പാരമ്പര്യമുള്ള കുടുംബത്തില്‍ നിന്നും വന്ന ചെറുപ്പക്കാരനായ അദ്ദേഹം പ. സുന്നഹദോസിന് കീഴ്വഴങ്ങി പ്രവര്‍ത്തിക്കുമെന്നാണ് തന്റെ പ്രതീക്ഷയെന്ന് പൗലോസ് മാര്‍ പക്കോമിയോസ് മെത്രാപ്പോലീത്താ പ്രത്യാശിച്ചു. പുതിയ സെക്രട്ടറിയെക്കുറിച്ച് സുന്നഹദോസ് അംഗങ്ങളില്‍ പലര്‍ക്കുമുള്ള ഭയത്തെക്കുറിച്ച് അത്ര വ്യക്തമായല്ലെങ്കിലും തുറന്ന് സമ്മതിക്കുന്ന മെത്രാപ്പോലീത്തായുടെ ഈ പ്രസ്താവന, ശ്രേഷ്ഠ നിയുക്ത കാതോലിക്കായും, അല്‍മായ - വൈദിക ട്രസ്റ്റിമാരും സെക്രട്ടറിയുമുള്ള സമ്മേളനത്തിലാണ് ഉണ്ടായത്. എം. ജി. ഒ. സി. എസ്. എം. അല്‍മായ - വൈദിക ട്രസ്റ്റിമാര്‍ക്കും സെക്രട്ടറിയ്ക്കും നല്‍കിയ സ്വീകരണയോഗത്തിലാണ് മെത്രാപ്പോലീത്താ പ്രസ്താവന നടത്തിയത്. മറുപടി പ്രസംഗത്തില്‍ സെക്രട്ടറി പക്ഷേ ഇതിനോടു പ്രതികരിച്ചില്ല. സഭ പാവങ്ങള്‍ക്കായി നിലകൊള്ളുമെന്നും അവരുടെ ആവശ്യങ്ങള്‍ മനസ്സിലാക്കി സഹായങ്ങള്‍ ചെയ്യുമെന്നും സഭാകേന്ദ്രം 24 മണിക്കൂറും പ്രവര്‍ത്തിക്കുന്ന തരത്തിലേക്ക് മാറ്റുമെന്നും മറ്റുമാണ് സെക്രട്ടറി പ്രസംഗത്തില്‍ പറഞ്ഞത്.

## പരിഗണിച്ചില്ല

കോട്ടയം: അങ്കമാലി ഭദ്രാസനത്തിലെ മാനേജിംഗ് കമ്മറ്റിയംഗങ്ങള്‍ പ. ബാവാ തിരുമേനിക്ക് നല്‍കിയ മെമ്മോറാണ്ടം വര്‍ക്കിംഗ് കമ്മറ്റി പരിഗണിച്ചില്ല. ഫാക്സ് മുഖാന്തരമയച്ച നിവേദനം ലഭിച്ചിട്ടില്ല എന്നതാണ് പരിഗണിക്കാഞ്ഞതിന് കാരണമായി പറയുന്നത്. മെമ്മോറാണ്ടത്തിന്റെ പൂര്‍ണ്ണരൂപം താഴെക്കൊടുക്കുന്നു:

മലങ്കര ഓര്‍ത്തഡോക്സ് സുറിയാനിസഭയുടെ പരമ മേലദ്ധ്യക്ഷനും പൗരസ്ത്യ കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും അങ്കമാലി ഭദ്രാസന അധിപനുമായ പ. മോറാന്‍ മാര്‍ ബസേലിയോസ് മാര്‍ത്തോമ്മാ ദിദിമോസ് പ്രഥമന്‍ ബാവാ തിരുമേനി മുമ്പാകെ അങ്കമാലി ഭദ്രാസനത്തില്‍ നിന്നുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ചെനയപ്പള്ളില്‍ ഐസക്ക് കോര്‍ എപ്പിസ്കോപ്പാ (പോത്താനിക്കാട്), കേണല്‍ മാത്യു ഏബ്രഹാം (കളമശ്ശേരി), ഏലിയാസ് ഐസക്ക് (വളയന്‍ചിറങ്ങര) എന്നിവര്‍

ചേർന്ന് വിനയപൂർവ്വം സമർപ്പിക്കുന്ന അപേക്ഷ.

പരിശുദ്ധ ബാവാ തിരുമേനി,

അങ്കമാലി വെസ്റ്റ് ഭദ്രാസനത്തിൽ അങ്ങും, സഹായ മെത്രാപ്പോലീത്തായായ നിയുക്ത കാതോലിക്കാ തിരുമേനിയും ധീരമായ നേതൃത്വം നൽകുന്നു എന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. എന്നാൽ ഭദ്രാസനത്തിന്റെ ദൈനംദിന ഭരണത്തിന് ചുമതല വഹിക്കുവാൻ ഭദ്രാസന സെക്രട്ടറി നിലവിൽ സ്ഥലത്തില്ലാത്തതിനാൽ ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജരായി മുഴുവൻസമയം പ്രവർത്തിക്കുവാൻ കഴിവുള്ള ഒരാളെ നിയമിച്ചു കല്പന നടപ്പാക്കേണ്ടിയിരിക്കുന്നു. ഇക്കഴിഞ്ഞ ജനുവരി 25-ാം തീയതി തൃക്കുന്നത്തു സെമിനാരിയിലേക്ക് യാക്കോബായ വിഭാഗത്തിന്റെ ശ്രേഷ്ഠ കാതോലിക്കായും മറ്റും അതിക്രമിച്ച് കയറിയത് തടയുവാനുള്ള യാതൊരു മുൻകരുതലും എടുക്കാതെ ഉദാസീന നിലപാടാണ് എം. ഒ. ജോണച്ചൻ എടുത്തത് എന്നുള്ളത് എല്ലാവർക്കും അറിവുള്ള വസ്തുതയാണ്. എന്നാൽ ഈ രീതി തുടർന്നാൽ ഇനിയും കൈയേറ്റങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട എം. ഒ. ജോണച്ചനെ തൽസ്ഥാനത്തുനിന്നും മാറ്റുവാൻ സഭയുടെ പല സമിതികളിലും ആലോചിച്ചിരുന്നതായി ഞങ്ങൾ മനസ്സിലാക്കുന്നു. തൃക്കുന്നത്ത് സെമിനാരിക്ക് ധീരമായ നേതൃത്വം കൊടുക്കുവാൻ കഴിവും സമയവുമുള്ള ഒരാളെ ഉടൻ നിയമിക്കണമെന്ന് ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

അവിടുത്തെ ആത്മീയ മക്കൾ

**ഐസക്ക് ചെനയപ്പള്ളിൽ കോർഎപ്പിസ്കോപ്പാ**

**കേണൽ മാത്യു ഏബ്രഹാം**

**ഏലിയാസ് ഐസക്ക്**

ആലുവാ
30-5-2007

# ചുരുക്കിയ പെന്തിക്കോസ്തി ക്രമത്തിൽ ശുശ്രൂഷ നടത്തി

**അൽമായവേദി ന്യൂസ് സർവീസ്**

പെന്തിക്കോസ്തി ഞായറാഴ്ചയുടെ ചുരുക്കിയ ക്രമത്തിന്റെ ഒരു നക്കൽ കോട്ടയം - നാഗ്പൂർ സെമിനാരികളുടെ ഫാക്കൽട്ടി തീരുമാനമനുസരിച്ച് ഫാ. ഡോ. മാത്യു ബേബി തയാറാക്കി ഈ വിഷയത്തിൽ അറിവുള്ളവരെന്ന് അദ്ദേഹം വിചാരിച്ച പലർക്കും അയച്ചുകൊടുക്കുകയുണ്ടായി. അതിലൊരാൾ സെമിനാരിയുടെ മുൻ ഫാക്കൽട്ടിയംഗവും ഇപ്പോൾ തൃക്കുന്നത്തു സെമിനാരി മാനേജർ, മഴുവഞ്ചേരി പള്ളി വികാരി, സൗത്ത് ആഫ്രിക്കയിലെ ഒരു പള്ളി വികാരി, ക്യാനഡാ യൂറോപ്പ് ഭദ്രാസനത്തിൽനിന്നുമുള്ള മാനേജിംഗ് കമ്മറ്റിയംഗം എന്നീ പദവികൾ വഹിക്കുന്ന ഫാ. ഡോ. എം. ഒ. ജോണായിരുന്നു. അദ്ദേഹം ഈ ക്രമം പ്രസിദ്ധീകരിച്ചതോടെ ഒരു വൻ വിവാദത്തിന് ഇത് തിരികൊളുത്തി. ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ മാത്യു ബേബിയച്ചൻ സസ്പെൻഡ് ചെയ്യപ്പെട്ടു.

ഏതു തരത്തിൽപ്പെട്ട രചനകൾ നടത്തുമ്പോഴും രചയിതാക്കൾ കൈക്കുറ്റപ്പാടു തീർക്കുവാൻ വേണ്ടി പ്രസ്തുത വിഷയത്തിൽ അറിവുള്ളവർക്ക് അയച്ചുകൊടുക്കുക സാധാരണയാണ്. ഓർത്തഡോക്സ് സഭ ഇന്നുപയോഗിക്കുന്ന ആരാധനയിലെ ഗീതങ്ങളും ഗദ്യഭാഗങ്ങളുമൊക്കെ കൊട്ടാരത്തിൽ ശങ്കുണ്ണി, വള്ളത്തോൾ മുതലായ സാഹിത്യകാരന്മാർ വരെ ഭാഷാശുദ്ധി വരുത്തിയിട്ടുള്ളതാണ്. ഒരു ക്രമം നക്കൽ രൂപത്തിൽ തയാറാക്കുന്നതോ പരിശോധനക്കായി രചയിതാവിന് വിശ്വാസമുള്ള ആർക്കെങ്കിലും അയച്ചുകൊടുക്കുന്നതോ അച്ചടക്കലംഘനമാകുന്നതെങ്ങിനെ എന്ന ചോദ്യം പല കേന്ദ്രങ്ങളിൽ നിന്നും ഉയരുന്നുണ്ട്.

അച്ചടക്ക ലംഘനം നടത്തിയിട്ടുള്ളത് വേണ്ട അംഗീകാരവും അനുമതിയുമില്ലാതെ പ്രസിദ്ധീകരിച്ചയാളാണ് - ഈ കേസിൽ ഫാ. ഡോ. എം. ഒ. ജോൺ. യഥാർത്ഥത്തിൽ അച്ചടക്കം ലംഘിച്ചയാളിനെ ശിക്ഷിക്കാതെ തെറ്റു ചെയ്യാത്ത ഫാ. ഡോ. മാത്യു ബേബിയെ ക്രൂശിച്ചതിനെതിരെ സഭയിലെമ്പാടും രോഷമുയർന്നുകൊണ്ടിരിക്കുന്നു.

ഇതിനിടെ ഈ വർഷത്തെ പെന്തിക്കോസ്തി ഞായറാഴ്ച ഏലൂർ സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ ഫാ. ജേക്കബ് മണ്ണാറപ്രായിൽ പുതിയ ക്രമമനുസരിച്ച് പെന്തിക്കോസ്തി ശുശ്രൂഷ നടത്തിയതായി ആ പള്ളിയിലെ വിശ്വാസികൾ പ. ബാവാ തിരുമനസ്സിലേക്ക് പരാതിയയച്ചതായറിയുന്നു. സുന്നഹദോസ് തീരുമാനത്തിന് വിരുദ്ധമായി ഡിസംബർ 24-ാം തീയതി സന്ധ്യയ്ക്ക് ക്രിസ്തുമസ് ശുശ്രൂഷകൾ ഇദ്ദേഹവും എം. ഒ. ജോണച്ചനും നടത്തിയതിനെപ്പറ്റി പ്രസ്തുത പള്ളികളിൽനിന്ന് പ. ബാവാ തിരുമേനിയുടെ ഓഫീസിൽ നേരിട്ട് സമർപ്പിച്ചിരുന്ന പരാതികൾ ബാവാ തിരുമേനി ഇതുവരെ കണ്ടിട്ടില്ല എന്ന് മനസ്സിലാക്കുന്നു.

പെന്തിക്കോസ്തിയുടെ ദീർഘമായ ശുശ്രൂഷകൾ പല വൈദികരും അവരവരുടെ മനോധർമ്മമനുസരിച്ച് ചുരുക്കിയാണ് നടത്താറുള്ളത്. വേദശാസ്ത്രപരമായ അടിസ്ഥാനത്തോടെ വ്യവസ്ഥാപിതമായ നിലയിൽ ശുശ്രൂഷയുടെ അന്തഃസത്ത നിലനിർത്തി ഒരു ക്രമം വികസിപ്പിച്ചെടുക്കേണ്ടത് നമ്മുടെ ആവശ്യം തന്നെയാണ്. പക്ഷേ, ഇവിടെ അച്ചടക്കത്തിന്റെ ഖഡ്ഗം കുറ്റം ചെയ്യാത്തവർക്ക് നേരെ വീശുകയും ആവർത്തിച്ച് കുറ്റം ചെയ്യുന്നവർ തങ്ങളുടെ ദന്തഗോപുരങ്ങളിൽ സസുഖം വാഴുന്നതും തികഞ്ഞ അനീതിയാണെന്നതിന് സംശയമില്ല. അടുത്ത് നടക്കുവാനിടയുള്ള മെത്രാൻ തെരഞ്ഞെടുപ്പിൽ ഫാ. ഡോ. മാത്യു ബേബി സ്ഥാനാർത്ഥിയാകുന്നത് തടയുവാനുള്ള ഗൂഢാലോചനയുടെ ഭാഗമാണ് ഈ നീക്കം എന്ന് പറയപ്പെടുന്നു. മെത്രാൻ സ്ഥാനത്തേക്ക് പരിഗണിക്കപ്പെടുവാൻ സാദ്ധ്യതയുള്ള സുസമ്മതനായ ഫാ. ഡോ. ജോൺ പണിക്കർക്കെതിരെയും ഇത്തരം ചതിപ്രയോഗങ്ങൾ നടക്കുവാൻ അണിയറ നീക്കങ്ങൾ നടക്കുന്നതായി അറിയുന്നു.

## രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും

ഫാ. എം. ഒ. ജോണിന് ജീവിതത്തിൽ മൂന്ന് ആഗ്രഹങ്ങളാണുള്ളത്. ഒന്ന് ചുമന്ന കുപ്പായം. രണ്ട് വൈദികസെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജിനെ ആ സ്ഥാനത്തുനിന്നു മാറ്റുക. മൂന്ന്, സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ സ്ഥാനത്തുനിന്ന് ഫാ. റ്റി. ജെ. ജോഷ്വായെ മാറ്റുക. മൂന്നാമത്തെ ആഗ്രഹം നിനച്ചിരിക്കാതെ സാധിച്ചതിലുള്ള സന്തോഷത്തിലാണദ്ദേഹമിപ്പോൾ.

വർക്കിംഗ് കമ്മിറ്റി രൂപീകരണത്തെ തുടർന്നുണ്ടായ പൊട്ടിത്തെറിയുടെ ഭാഗമായി ഫാ. ഡോ. ഒ. തോമസ് രാജി വച്ചതോടെ ഫാ. റ്റി. ജെ. ജോഷ്വായെ മാറ്റാനുള്ള സുവർണ്ണാവസരം സംജാതമാകുകയായിരുന്നു. കുപ്പായ കോക്കസ്സിന് അഭിമതനായ ഫാ. ഡോ. ഒ. തോമസിനെ തെരഞ്ഞെടുപ്പ് തോൽവിയെത്തുടർന്ന് കൈവിട്ടെങ്കിലും ഇപ്പോൾ എതിർപക്ഷം ശക്തമാണെന്ന് ബോദ്ധ്യമായതുകൊണ്ട് മുമ്പിൽ നിർത്താനൊരു കരുവാക്കി മാറ്റുകയാണ്.

തന്നെ സെമിനാരിയിൽ നിന്നു പുറത്താക്കാൻ കൂട്ടുനിന്നു എന്നതാണ് വർഷങ്ങളായി ഫാ. റ്റി. ജെ. ജോഷ്വായ്ക്കെതിരെ *മലങ്കരസഭാദീപ*ത്തിലൂടെ എഴുതാനും അദ്ദേഹത്തെ താറടിച്ച് ചിത്രീകരിക്കാനും പ്രധാന കാരണമെന്നാണ് അറിയുന്നത്.